**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2377** **16-03-2022 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം നഗരസഭ മാസ്റ്റർ പ്ലാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | അമൃത് പദ്ധതിയുടെ ഉപ പദ്ധതിയായ അമൃത് പട്ടണങ്ങളുടെ ജി.ഐ.എസ്. അധിഷ്ഠിത മാസ്റ്റർ പ്ലാനുകളുടെ തയ്യാറാക്കൽ എന്ന കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം നഗരസഭ പ്രദേശത്തിന് വേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടികളുടെ പുരോഗതി സംബന്ധിച്ച് വിശദമാക്കാമോ; പ്രസ്തുത മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | (എ) | അമൃത് പദ്ധതിയുടെ ഉപ പദ്ധതിയായ അമൃത് പട്ടണങ്ങളുടെ ജി.ഐ.എസ്. അധിഷ്ഠിത മാസ്റ്റർ പ്ലാനുകളുടെ തയ്യാറാക്കൽ എന്ന കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം നഗരസഭ പ്രദേശത്തിന് വേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുകയാണ്. പ്രസ്തുത സ്കീമിന്റെ മാർഗ്ഗ രേഖ പ്രകാരം, satellite imagery യുടെ അടിസ്ഥാനത്തിലാണ് നിലവിലെ ഭൂവിനിയോഗ മാപ്പ് തയ്യാറാക്കിയത്. സാമൂഹിക സാമ്പത്തിക സർവ്വേ, ടെക്നോപാർക്ക് സർവ്വേ, മാർക്കറ്റ് ഏരിയ സർവ്വേ തുടങ്ങിയ പ്രാഥമിക സർവ്വേകൾ നടത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി തിരുവനന്തപുരം കോർപ്പറേഷൻ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിന്റെ വ്യവസ്ഥ പ്രകാരം സ്പെഷ്യൽ കമ്മിറ്റിയും, 18 വികസന മേഖലകൾക്കായി വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുകയും ചെയ്തു. കോർപ്പറേഷന്റെ എല്ലാ വാർഡിലും വാർഡ് സഭായോഗം നടത്തി, അങ്ങനെ ലഭിച്ച നിർദ്ദേശങ്ങളുടെയും വർക്കിംഗ് ഗ്രൂപ്പ് യോഗ നിർദ്ദേശങ്ങളുടെയും പ്രാഥമിക, ദ്വിതീയ വിവര ശേഖരണങ്ങളുടെയും മറ്റു വകുപ്പുകളുടെ അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് തിരുവനന്തപുരം മാസ്റ്റർ പ്ലാൻ ടി കേന്ദ്ര പദ്ധതിക്കായുള്ള മോണിറ്ററിങ് ആന്റ് റിവ്യൂ കമ്മിറ്റി അംഗീകരിക്കുകയും പദ്ധതിയുടെ മൂന്നാം ഗഡു അനുവദിക്കുന്നതിന് ശിപാർശ ചെയ്തതിന്റെയും അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ തുക അനുവദിച്ചിട്ടുണ്ട്. കരട് പ്ലാൻ കോർപ്പറേഷൻ കൗൺസിലുമായി ചർച്ച ചെയ്ത് അന്തിമമാക്കുന്നതിനുള്ള നടപടി നടന്നു വരികയാണ്. |
| (ബി) | ഗ്രീൻ-ടു-പ്ലാൻഡ് സോൺ, റെസിഡൻഷ്യൽ സോൺ തുടങ്ങിയ മേഖലകളിൽ കെട്ടിടം നിർമ്മിക്കാനുള്ള നിയന്ത്രണങ്ങൾ നീക്കി നിർമ്മാണ | (ബി) | 2013-ൽ പ്രസിദ്ധീകരിച്ച കരട് തിരുവനന്തപുരം മാസ്റ്റർ പ്ലാനിന്റെ വികസന നിയന്ത്രണ നിയമങ്ങൾ പൂർണ്ണമായും പുനഃസ്ഥാപിച്ചു കൊണ്ട് 2017-ൽ ഒരു |

| | | | |
|---|---|---|---|
| | അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | | ഇടക്കാല വികസന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന്, ഭൂവിനിയോഗം ഉൾപ്പെടെയുള്ള കരട് മാസ്റ്റർ പ്ലാനിന്റെ പുതുക്കൽ, 'അമൃത് പട്ടണങ്ങളുടെ GIS അധിഷ്ഠിത മാസ്റ്റർ പ്ലാനുകളുടെ തയ്യാറാക്കൽ' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി തയ്യാറാക്കുന്ന പുതിയ കരട് തിരുവനന്തപുരം മാസ്റ്റർ പ്ലാനിലൂടെ നടന്നു വരികയാണ്. പുതുക്കി തയ്യാറാക്കിയ കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുന്ന അവസരത്തിൽ, 2013-ൽ പ്രസിദ്ധീകരിച്ച കരട് മാസ്റ്റർ പ്ലാനും 2017-ൽ പുറപ്പെടുവിച്ച ഇടക്കാല വികസന ഉത്തരവും പ്രാബല്യത്തിൽ ഇല്ലാതാകുന്നതാണ്. ഈ അവസരത്തിൽ ഗ്രീൻ ടു പ്ലാൻഡ് development സോൺ, റെസിഡൻഷ്യൽ സോൺ എന്നിവയിലെ നിയന്ത്രണങ്ങളിൽ ഭേദഗതി വരുന്നതാണ്. |

സെക്ഷൻ ഓഫീസർ